# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1128 — 06/06/2018-ൽ മറുപടിയ്ക്ക്

**നോക്കുകൂലി നിരോധനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. ഡി. സതീശൻ**<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" റോജി എം. ജോൺ<br>" വി.ടി.ബൽറാം | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന നോക്കുകൂലി ഔദ്യോഗികമായി നിർത്തലാക്കിയിട്ടുണ്ടോ;<br><br>(ബി) ചില മേഖലകളിൽ തൊഴിലാളികളെ വിതരണം ചെയ്യുവാനുള്ള അവകാശം തൊഴിലാളി സംഘടനകൾ ഏറ്റെടുക്കുന്ന രീതി നിരോധിച്ചത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | 30.04.2018-ലെ സ.ഉ(സാധാ) നം.511/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം കേരളത്തിലെ ചുമട്ട് തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും ആയ പ്രവണത നിയമ വിരുദ്ധമായി പ്രഖ്യാപിച്ചും, തൊഴിലാളികളെ വിതരണം ചെയ്യുവാനുള്ള അവകാശം തൊഴിലാളി സംഘടനകൾ ഏറ്റെടുക്കുന്ന രീതി കർശനമായി അവസാനിപ്പിച്ചും ഗാർഹിക ആവശ്യങ്ങൾക്കും കാർഷി കാവശ്യങ്ങൾക്കുമുള്ള കയറ്റിറക്കിന് ഇഷ്ടമുള്ള തൊഴിലാ ളികളെ നിയോഗിക്കുന്നത് തടയുന്ന നടപടി അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തിക മാക്കാനും ലക്ഷ്യമിട്ടുകൊണ്ട് നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) നോക്കുകൂലി നിരോധിച്ച കാര്യത്തിൽ തൊഴിലാളി യൂണിയനുകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുകയും കൈപ്പറ്റുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ തൊഴിലുടമകളിലും പൊതുജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തുകയും ജില്ലാ തലത്തിൽ ജില്ലാ |

കളക്ടർമാരുടെ നേതൃത്വത്തിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ചകൾ നടത്തുകയും വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഗാർഹിക ആവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കുമുള്ള കയറ്റിറക്കിന് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നത് തടയരുതെന്ന നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് നടപ്പിലാവുന്നില്ല എന്ന തരത്തിലുള്ള പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ഇ) പൊതു സമൂഹത്തിന് തൊഴിലാളികളോടുള്ള സമീപനത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരുന്നതിനും ജോലി ചെയ്യുന്ന തൊഴിലാളിക്ക് അന്തസ്സോടെ ജീവിക്കുന്നതിനുള്ള വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

(ഇ) സ്വീകരിച്ച് വരുന്നു.സംസ്ഥാനത്ത് 11 ജില്ലകളിൽ ചുമട്ടു തൊഴിൽ കൂലിപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആയതിനുള്ള നടപടികൾ നടന്നുവരുന്നു. ഗാർഹിക ,കാർഷിക ഉത്പന്നങ്ങൾ എന്നിവയുടെ കയറ്റിറക്കിന് തൊഴിലുടമയ്ക്ക് സ്വന്തം ഇഷ്ടപ്രകാരം തൊഴിലാളികളെ നിയോഗിക്കാവുന്നതാണ്. എന്നാൽ അംഗീകൃത കയറ്റിറക്ക് തൊഴിലാളികളെ നിയോഗിക്കുന്ന പക്ഷം ആയതിന് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കൂലിനിരക്കുകൾ നൽകേണ്ടതാണെന്ന് തൊഴിലുടമകളെ അറിയിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ